പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | | | |
|---|---|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1835 | | | 4.10.2011ൽ മറുപടിയ്ക്ക് |
| അംഗൻവാടി ജീവനക്കാർക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ അനുവാദം | | | |
| ചോദ്യം | | | ഉത്തരം |
| ശ്രീ. കെ.രാധാകൃഷ്ണൻ | | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാർക്ക് ത്രിതലപഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ അനുവാദം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; | (എ) യും (ബി) യും | നിലവിലുള്ള പഞ്ചായത്തിരാജ് ആക്ട് പ്രകാരം അംഗൻവാടി ജീവനക്കാർക്ക് ത്രിതലപഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യത ഇല്ല. |
| (ബി) | അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (സി) | കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ ജോലി രാജിവയ്ക്കുകയോ, അവധിയിൽ പ്രവേശിക്കുകയോ ചെയ്തവർക്കുകൂടി ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് അനുകൂലമായ ഉത്തരവ് നൽകാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി ജോലി രാജി വച്ച് തെരഞ്ഞെടുപ്പിൽ മത്സരിച്ച അംഗൻവാടി ജീവനക്കാർക്ക് പുനർനിയമനം നൽകുവാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ